ശ്രീ

നീലകണ്ഠദേശികനാൽ

ഉണ്ടാക്കപ്പെട്ട

# വേദാന്തമണിവിളക്ക്.

---

മ. രാ. രാ. സീ. പത്മനാഭപിള്ളയവർകളാൽ

അച്ചടിപ്പിയ്ക്കപ്പെട്ടതു്.

---

"മനോമോഹനം" പ്രസ്സ്
തങ്കശ്ശേരി
കൊല്ലം.

1905.

CHATTAMPI SWAMI ARCHIVES

CHATTAMPI SWAMI ARCHIVES

ശ്രീ

നീലകണ്ഠദേശികനാൽ

ഉണ്ടാക്കപ്പെട്ട

# വേദാന്തമണിവിളക്ക്.

---

മ. രാ. രാ. സീ. പത്മനാഭപിള്ള അവർകളാൽ

അച്ചടിപ്പിയ്ക്കപ്പെട്ടതു്.

---

"മനോമോഹനം" പ്രസ്സ്
തങ്കശ്ശേരി
കൊല്ലം.

1905.

CHATTAMPI SWAMI ARCHIVES

K. S. Sivaraman nair
Karthulli House
Muvattupuzha

# വേദാന്തമണിവിളക്ക്

K.S. SIVARAMAN NAIR
MARADY.

ഹരിഃ ഓം.

നമസ്തേ പൂൎണ്ണാത്മനേ നമസ്തേ ചിദാത്മനേ നമസ്തേ ബ്രഹ്മാത്മനേ നമസ്തേ നമോനമഃ * ആദ്യന്തഹീനം പരം സന്മയം സദാനന്ദം നിഷ്കളം നിത്യം നിരഹങ്കാരം നിത്യമുക്തം * ബുദ്ധമദ്വയം തുരീയം ശശ്വൽപ്രകാശകം ശിവരൂപിണം വിഷ്ണും സതതം നമാമ്യഹം * ഹരിയും വിരിഞ്ചനും ഗണനാഥനും നല്ല പുരവൈരിയും ശ്രീമദ്വേദാന്താചാൎയ്യന്മാരും * സനകാദികളാകും യോഗീശമുഖ്യന്മാരും മനനശീലന്മാരിൽ മുമ്പനാം വ്യാസന്താനും * ശങ്കരാദികളായുള്ള ദ്വൈതകൎത്താക്കളും പങ്കമറെറാരു മമഗുരുവും തുണയ്ക്കണം * താരഗൎഭമാം പദപങ്കജരജസ്സിനാലരികെ വാഴുംമമ ഹൃൽക്കമലത്തിലുള്ള * ദുൎഗ്ഗുണം നീക്കി സ്വാത്മപ്രകാശം നൽകുന്നൊരു ഷൾഗുണപരിപൂൎണ്ണൻ ബാലാദ്യൻ തുണയ്ക്കണം * ചാതുരിയില്ല പാട്ടിലത്രയുമല്പപാൎത്താൽ മതിമോഹനമലങ്കാരവുമില്ല നന്നായ് * എങ്കിലും ഗുരുമുമ്പിൽ ചെൽവതിന്മുമ്പുതന്നെ പങ്കമററിതോ പാഠം തന്നിലെന്നറിവാനായ് * ബാലന്മാരെന്നപോലെ മൂഢനായുള്ള ഞാനും ചാലവേയോൎമ്മിപ്പാനായിന്നിതി പറയുന്നേൻ * വൈദുഷ്യമില്ലായ്കയാൽ ബാലനെന്നുള്ള ശബ്ദം മൃദുമാനസനായോരെനിക്കു മതിയുക്തം * പറയുന്നതിൽ നല്ലവാസനയില്ലെങ്കിലും കുറവു വരാ ശുദ്ധജ്ഞാനമാകയാലിതിൽ * എന്നല്ലമതിമതാചാൎയ്യ വചനങ്ങളല്ലാതെ ഗ്രഹിച്ചതും പറയുന്നതുമില്ല

CHATTAMPI SWAMI ARCHIVES

(൬) ആദിയിൽ ജഗൽസൃഷ്ടിസംക്ഷേപം ചൊല്ലുന്നിതു മോ
ദമോടൊരുവിധം മായയിലുള്ള ബുദ്ധി * വാസനതന്നിലുള്ള
ചിൽപ്രതിബിംബനത്രേ ഭസിതാകാരനാകു മീശ്വരനാകുന്നതും
* എന്നല്ലൊ വിദ്യാരണ്യർ മായാബിംബിതനീശ നെന്നിതു തന്നെ
സർവ്വസമ്മതം ശ്രുതിയിലും * അങ്ങിനെയിരിക്കുന്നോരീശ്വര
ഛായാൽതന്നെ മങ്ങാതെ പ്രകൃതിതാൻ രണ്ടുരൂപങ്ങൾ പൂണ്ടു *
ഒന്നു വിക്ഷേപമന്യ മാവരണവുമതി ലൊന്നാമതാകും വിക്ഷേ
പാഖ്യതാനാകാശമായ് * വ്യോമത്തിങ്കേന്നു വായു വായുവിൽ
നിന്നു വഹ്നി അമലജലമഗ്നി തങ്കേന്നുമവ്വണ്ണമെ * അപ്പുക്കൾ
നിന്നു പൃത്ഥ്വീ ഇങ്ങനെയുണ്ടാവുന്നകെല്ലൊടേ പ്രാജ്ഞാദികൾ ഭോ
ഗാർത്ഥമെന്നാകിലും * തന്നുടെ പ്രജ്ഞാമാത്ര മാകിലുമീശ്വരനാ
ൽ തന്നാലെ സൃഷ്ടിയ്ക്കപ്പെട്ടിരുന്ന ലോകമെല്ലാം * മനനം വിചാര
സാഗരവ്യ മേവംവിധ നിനവു ചെയ്വു ചിലഭേദങ്ങളിരിക്കിലും

(൭) അപ്തേജോ വായ്വാകാശ മിവകളിൽ പൃഥക്സ
ത്വാംശ സംഘാൽ വികല്പനിശ്ചയങ്ങൾ * വൃത്തികളായിട്ടുള്ള
മനോബുദ്ധികളുണ്ടായ് ചിത്താഹങ്കാരം രണ്ടുമിവയിലന്തർഭൂ
തം * അത്രേ തദ്രജോംശത്താൽ ക്രമേണ കർമ്മേന്ദ്രിയം പാർത്താ
ലുണ്ടായതെന്നു ധരിച്ചീടുകവേണം * ആകാശാദികളുടെ രാജ
സാംശത്തിൽ കൂട്ടാ ലേകനാം പ്രാണനുണ്ടായ് നില്ക്കുന്നിതഞ്ചാ
യവൻ * ഇന്ദ്രിയം പത്തും പ്രാണനഞ്ചും ബുദ്ധിയും മനസ്സെന്നിവ
യെല്ലാം കൂട്ടി സൂക്ഷ്മദേഹത്തെ ച്ചൊൽവു * അഞ്ചുഭൂതങ്ങളേയും
മെല്ലവെ ഈരണ്ടാക്കി പഞ്ചഭാഗമാമാദി പിന്നെയും നന്നാലാ
ക്കി * തന്നുടെയംശം വിട്ടിട്ടിതര ഭാഗേയോഗം വന്നീടുന്നതു പ
ഞ്ചീകരണം ബുധമതം * അണ്ഡങ്ങൾ പ്രജകളും ലോകങ്ങൾ
പതിന്നാലും മണ്ഡലങ്ങളുമിവ തന്നാലെ ചെയ്യപ്പെട്ടു

(൮) പാപപുണ്യങ്ങൾ ചേർന്നു മാനുഷനായ് ജനിച്ചു താപഹീ
നമാം മോക്ഷദ്വാരത്തെയടയാതെ * ഗംഭീരമായുള്ളൊരു നദി

CHATTAMPI SWAMI ARCHIVES

യിൽ ചുഴലിയാ മംഭസ്സിലുഴലുന്ന കീടമെന്നതുപോലെ * കർമ്മത്താൽപുനർഭവമതിനാൽ കർമ്മങ്ങളും മേന്മേലെവരുന്നിതു ഭ്രതാനാംബാഹ്യദൃഷ്ട്യാ * ഏകദാസുതൻതാതനാമവനനന്തര മാകന്നപുത്രൻപിന്നെ ചക്രനേമിയെപ്പോലെ * ആകയാലപാവൃത മാകിയമോക്ഷദമാം മേകയാംബുദ്ധ്യാചേർന്നു കൊള്ളുവാൻമാർഗ്ഗം ചൊൽവൻ *

(൩) നല്പനുബന്ധചതുഷ്ടയത്തിൻ ജ്ഞാനത്തിനാ ലില്ലാക്ലേശത്തിൻലേശ മെന്നാലായതാംവഴി * അനുബന്ധങ്ങൾപ്രയോജനവും വിഷയവും വിനയമുള്ളോരധികാരിയും സംബന്ധവും * ജ്ഞാനദ്വാരേണമോക്ഷം പരമപ്രയോജന മാനന്ദാബ്രഹ്മമത്രേ വിഷയമിവിടത്തിൽ * ബോദ്ധ്യബോധകഭാവം സംബന്ധമാകുന്നു സിദ്ധിയിലിച്ഛ ഉള്ളോർ തന്നെയനല്ലചൊല്ലാം * ചിത്തത്തിൽ ദോഷംമലം വിക്ഷേപമാവരണ മിതെന്നുള്ളമൂന്നു വകകൾ ക്രമത്താലെ * നിഷ്കാമകർമ്മമുപാസന മെന്നിവകളാൽ ശുദ്ധമായ് രണ്ടുദോഷം പോയിട്ടജ്ഞാനംനീക്കി * ബോധകമെന്നേ സ്വരൂപപ്രാപ്തിയിച്ഛിപ്പോരു സാധനചതുഷ്ടയ യുക്തനാനധികാരി * നാലുസാധനമേവയെന്നാ ലായവചൊൽവൻ ചാലവേ നിത്യാനിത്യവിവേകമൊന്നാമതാം * ഇഹാമുത്രാർത്ഥഭോഗവൈരാഗ്യം മുമുക്ഷുത്വംമോക്ഷസാധനം ശമാദ്യാറും ചേർന്നവതന്നെ * ബ്രഹ്മൈവനിത്യം ജഗദനിത്യമെന്നുള്ളതു സമ്മതംവിവേകമാം മോക്ഷേച്ഛാമുമുക്ഷുത്വം * ശമവുംദമമുപരതിയും തിതിക്ഷയും സമതയാകുംസമാധാനശ്രദ്ധാശമാദി * അന്തഃക്കരണങ്ങളടക്കുന്നതുതന്നെശമം ചിന്തിച്ചാൽബാഹ്യേന്ദ്രിയ നിഗ്രഹംദമമല്ലോ * വൃത്തിയിന്നാലംബം ബാഹ്യവസ്തുക്കൾതന്നിലെത്തിനാലതാമുപരതിബോധത്തിൻഫലം * സന്താപപീഡയന്യന്മാരിൽ നിന്നുണ്ടാകിലും ചിന്തയുംവിലാപവും കൂടാതെസർവ്വദുഃഖം * സഹിക്കുന്നതുതന്നെ തിതിക്ഷയിതുനല്ല മഹാത്മാ

തമസ്സു വിമലാത്മനാമൊക്കും * സത്താകുംബ്രഹ്മത്തുങ്കൽ ചാഞ്ചല്യമറുത്തിട്ടു ചിത്തത്തെയുറപ്പിച്ചു കൊൾവതുസമാധാനം * വേദാന്തവാക്യമാഗ്ഗുവചനമിവകളിൽ സാദരവിശ്വാസത്തെ ശ്രദ്ധയെന്നറിയുന്നു * ഏവമിന്നാലുംനിദിദ്ധ്യാസനം മനനവുംശ്രവണംതത്വമസി വാക്യാത്ഥചിന്തനവും * ചേത്തുചൊല്ലുന്നു ജ്ഞാനസാധനമെട്ടെന്നതിലോത്തുടൻ ശ്രവണാദ മൂന്നും വിസ്തരിക്കുന്നേൻ * ബുദ്ധികൊണ്ടുടൻ വേദാന്താത്ഥത്തെചിന്തിപ്പതു സിദ്ധമാം ശ്രവണമിന്നവ്വഴി ജീവേശയോഃ * ഐക്യത്തിൻവിരോധത്തെ ഖണ്ഡിച്ചുയോജിപ്പിക്കും യുക്തിചിന്തനമല്ലൊ മനനമാകുന്നതു * ഇത്ഥംസംശയഹീനം സിദ്ധിച്ചോരത്ഥത്തുങ്കൽ ചിത്തൈകാകാരവൃത്തിനിദിദ്ധ്യാസനവുമാം * വിവേകചൂഡാമണി പഞ്ചദശ്യാദികളുമിവയ്ക്കുസാക്ഷിയായിട്ടിരിക്കുന്നിതുപാത്താൽ *

(൩) പൂൎവ്വോക്തസമ്പത്തി യായുള്ള ജിജ്ഞാസുക്കൾ ക്കാവോളമറിവതിന്നു തദത്യന്താ യുക്തം * ദുഃഖനാശാനന്ദം മനുജന്മാക്ക്ബോധം സുഖപ്രാപ്തിക്കു മൂലമെന്നിതു ചിലർ പക്ഷം * യോഗഹീനമായുള്ള കേവലജ്ഞാനമത്രം യോഗവുമല്ലുന്നമെബോധഹീനമാമത്രം *മാത്രത്താൽമോക്ഷപ്രാപ്തിദുർല്ലഭയാകയാലെ ചിത്രമായഭ്യസിക്കവേണമാമവരണ്ടും * പക്ഷമാമിതുയോഗതത്വാദിശിഖാശ്രുതി സൂക്ഷ്മവാക്യങ്ങളല്ലൊ വൈദികമാകമൂലം

(൪) യമവുംനിയമവു മാസനംപ്രാണായാമ മമലപ്രത്യാഹാരം ധാരണാധ്യാനമഥ *സമാധിഎന്നിങ്ങനെഅഷ്ടാംഗയുക്തംയോഗ മേവമെല്ലാമെയോഗസൂത്രത്തിൽ കാണുന്നിതു * അഹിംസാസത്യം നല്ലാരസ്തേയംബ്രഹ്മചര്യം മഹിമയേറുമപരിഗ്രഹ യമമിവ * ശൌചവുംസന്തോഷവും തപസ്സുംസ്വാദ്ധ്യായവു മീശ്വരപ്രണിധാനമിത്രയുംനിയമങ്ങൾ * മനസ്സുവാക്കുകായമിവയാൽ ഭൂതങ്ങളെ ഹനിക്കാതിരിപ്പതാമഹിംസാ വ്രതംന്യൂണാം * സത്യ

CHATTAMPI SWAMI ARCHIVES

മാവതുമനോവാക്കുകളൂടെയൊരു നിത്യനേമ്മയാം മോക്ഷിച്ഛാഖ്യയാ
മസ്തേയ്യവും * ശ്രവണം കീർത്തനവുംദർശനംഭാഷണവുമീവക
റെട്ടുകർമ്മമുള്ളതു സർവംവിട്ടു * കർമ്മണാമനസാപി യോഷമാരു
ടെകായ്കു നിർമ്മൂലമുപേക്ഷിപ്പതാണ്ടാംഗബ്രഹ്മചര്യം * അപരി
ഗ്രഹം സർവസംഭോഗത്യാഗമതുമപരിമിത സുഖകാരണമന്യ
ങ്ങളും * മൃജ്ജലാദികളാലെ ചെയ്യതു ബാഹ്യശൌചം സജ്ജനങ്ങ
ളിൽ മൈത്രികരുണാദുഃഖികളിൽ * മുദിതാപുണ്യശാലിതങ്കലും
പാപിഷ്ഠരി ലൌദാസീന്യവുമഭ്യന്തരശൌചങ്ങളത്രെ * സ
ന്തോഷംതുഷ്ടിയല്ലൊ തപസ്സുകൃച്ഛ്റാദിയാൽ സന്തതംകായം
ശോഷിപ്പിക്കലെന്നൊരുപക്ഷം * മനസ്സുമിന്ദ്രിയവു മേകാഗ്രമാ
യ്നില്പതുനിനച്ചാൽ സ്മൃതിമതംപരമംതപമിതാം * ഗുരുദേ
വാദികളെ പൂജിക്കകായികമാം പരിചിൽ സ്വാദ്ധ്യായാഭ്യാസംജ
നഹിതവാക്യം * സത്യവുമനുദ്വേഗ കരമാംവചസ്സുമെ നിത്യം
വാക്കിനാൽചെയ്യും തപസ്സുമനസ്സിൻെറ * മൌനഭാവവും ഭാവ
സംശുദ്ധിപ്രസാദവും മാനസധർമ്മം തപസ്സെന്നധോക്ഷജ വാ
ക്യം * ശ്രുദ്ധ്യാരുദ്രിയുംവേദാന്തങ്ങളും ജപിപ്പതു സ്വാദ്ധ്യായംപരാ
ത്മനിസർവജ്ഞജഗൽ ഗുരൌ * നിരപേക്ഷനായ് സർവം സമ
ർപ്പിപ്പതുതാനെ വിരവിൽസ്വാദ്ധ്യായമെന്നീശ്വര ഗീതാവാക്യം *
സംഖ്യയില്ലാതവണ്ണമാസനമുണ്ടവയിൽ മുഖ്യമായരുപത്തുനാല
തിൽനാലാംശ്രേഷ്ഠം * സിംഹവുംസിദ്ധം ഭദ്രംപത്മവുമിവകളാം
സംഹിതാദിയാംയോഗ തന്ത്രാദിയുണ്ടിവകൾ * പ്രാണൻെറനി
രോധനാം താനെയാംപ്രാണായാമം വേണമീയഭ്യാസങ്ങൾ ഗുരു
വിൻ പാദങ്ങളിൽ * ഇന്ദ്രിയഗ്രാമങ്ങളെ വിഷയങ്ങളിൽനിന്നു
സന്ദേഹമെന്ന്യെ ഹരിക്കുന്നതുപ്രത്യാഹാരം * ഇനിയുള്ളംഗം പ
ന്തിരണ്ടിനാലിരട്ടിക്കു പിന്നെഭ്രൂമദ്ധ്യംശത്തിൽ ധരിക്കൽധാര
ണയാം * ലവണാംജലെയോഗമെങ്ങനെ യതുപോലെ ജീവനും
പ്രാണന്മാരുമാത്മാക്കൾ രണ്ടുംചേർന്നു * സമമാമൈക്യബ്രഹ്മാകാ

CHATTAMPI SWAMI ARCHIVES

ർവ്വൃത്തിയെത്തന്നെ സമാധിയെന്നു യോഗിവര്യന്മാർ പറയുന്നു *
സിദ്ധനായുള്ള ഗുരുവില്ലെങ്കിലിതുനന്നായ് സാധിക്കയില്ലെന്നല്ലവ
ന്നീടുമനർത്ഥവും * മഹത്താംസന്നിധാനാഭ്യാസത്താൽ പോലുമു
ണ്ടാം ബഹുലവിഘ്നമവനീക്ഷവാനവർക്കാകും * സാധനംസവി
കല്പം ഫലമാംനിർവ്വികല്പം സുധയാം ബോധി മഥനത്തിന്റതെ
ന്നപോലെ * പിന്നെമേൽനിർവ്വികല്പം പ്രകൃത്തപാഞ്ചാലത്താം വ
ന്നുകൂടുന്നതുനാം ദ്വിവിധംമുന്നെപ്പോലെ * അദ്വൈത ബ്രഹ്മാ
കാരമായുള്ള ചിത്തത്തിനാൽ സദ്ബ്യക്തമജ്ഞാനവൃത്ത്യാ ചെയ്യും
സമാധിയെ * ചൊല്ലുന്നദ്വൈതഭാവനാരൂപ നിർവ്വികല്പമില്ല
ജ്ഞാനത്തിൻ വൃത്തിയെന്നാലവസ്ഥാനരൂപം * വിചാരസാഗ
രത്തിലിങ്ങനെ സമാധ്യുക്തി കിഞ്ചനഭേദമുണ്ടു ദൃക്ദൃശ്യ വിവേക
ത്തിൽ * ധർമ്മമാമമൃതധാരാസാരം വർഷിക്കയാൽ നിർമ്മലയോ
ഗീശന്മാർ ധർമ്മമേഘമെന്നായി * ചൊല്ലുന്ന നിർവ്വികല്പസമാധി
യെന്നിതിനാൽ മെല്ലവെ കർമ്മംപുണ്യപാപങ്ങൾ വാസനകൾ *
എല്ലാമേനശിച്ചിട്ടനപരോക്ഷതാ സിദ്ധിയല്ലെന്നിയെയുണ്ടാം
കരസ്ഥാമലകംപോൽ * വന്നീടും ജ്ഞാനവുമിന്നവണ്ണം ദ്വിവി
ധമായൊന്നുമേൽ ചൊന്നോരപരോക്ഷമന്യം പരോക്ഷം * ഗു
രുവിൻ വക്ത്രാൽശ്രുതം ബ്രഹ്മമുണ്ടെന്നവാക്യം പരോക്ഷം (ത
മസീതിയെ) നീയതെന്നമെവമായതുപിന്നെ * അഹ (മസ്മീതി)
ഞാനെന്നഭാവദൃഢമാകയും ചെയ്താൽബഹു സംസാരദുഃഖധ്വാ
ന്തഭാസ്കരനതാം * ശ്രീമദധ്യാത്മശ്രുതിയിങ്ങനെ വ്യക്തംചൊല്ലി
സാമോദംവിദ്യാരണ്യ വചനമതുമുണ്ടു * ലയവുംവിക്ഷേപവും ക
ഷായംരസാസ്വാദം നിയതമിവനാലും സമാധിവിഘ്നങ്ങളാം *
ആലസ്യംനിദ്രയിവ മൂലമാംവൃത്തിശൂന്യം കൈവരുത്തുവിടേണ്ടൊരു
ലയവിഘ്നമേയിതു * ചിന്മയബ്രഹ്മാകാര സൂക്ഷ്മവൃത്തിയെവിട്ടു
വെണ്മയിൽ വൃത്തിബാഹ്യമാവതു വിക്ഷേപമാം * രാഗാദിദോഷ
ങ്ങൾക്ക കഷായമെന്നുനാമമാഗമജ്ഞന്മാരിതു രണ്ടായിട്ടല്ലൊ

ചൊൽവൂ * ആന്തരമെന്നും ബാഹ്യമെന്നുമാമിവകളിലാന്തരം ദൃശ്യംശ്രുതമറ്റ്യങ്ങളോപ്ലുത്തരൊ * വിത്തഭാര്യാദികളെപ്പററിയുള്ള വസ്ഥയെഓൎത്തുകൊൾവതുതന്നെബാഹ്യമെന്നറിയുന്നു * വീതസംഗനായ് ദുഃഖനിവൃത്തിസവികല്പമിവകൾതങ്കേൽണ്ടാമാസ്വാദംരസാസ്വാദം * ഇത്യാദി വിഘ്നങ്ങളെസന്തതം ത്യജിച്ചിട്ടു സതാരം (മൂടതാ) മോക്ഷത്തിനായ് പ്രവൃത്തിയുക്തം നൂണാം * ധ്യാതൃധ്യാനങ്ങൾ വിട്ടുധ്യേയയെക ഗോചരമായ് വാതമില്ലാത്തദേശത്തിരിക്കം ദീപംപോലെ * നില്ലൊതചിത്തവൃത്തി തന്നെയാം സമാധിയെന്നെപ്പേരും കല്പിക്കുന്നിതദ്വൈതഗുരുക്കന്മാർ * പരമസുഹൃദ്ദ്ഗേഹരക്ഷിതാകൃപാ വശാൽ ചൊറിയുമംവ്യകണംഹരിക്കം ശത്രുവിന്നു * സ്ഥാനഭേദവുംതന്റെ സഖിയിൽ സ്ഥിരതയും നിനച്ചുചെയ്ക പതിമ്മൂന്നാം സ്വരരഥം കേറി * വാരാണസിക്കപോകംമാൎഗ്ഗത്തിൽ സപ്തക്കാവിൽ സുരസമുറങ്ങുന്നോരീശ്വരീ ദേവിതന്നെ * മന്ത്രമുദ്രാദികളാലുണൎത്തിയൊട്ടിമെല്ലെഅന്തരംഗശ്ച്യൊരത്രസ്ഥംശിവംചേൎന്നിന്നാൻ * അമൃതപാദംഗ്രഹ തമമത്രയുമല്ലിന്നമിതാനന്ദകരമില്ലിതിന്നീതെന്നും *

(വ) ശക്തികൾരണ്ടുവിധംവിക്ഷേപാമാവരണം വൃക്തമെന്നാകിലപ്പോളാവരണവുംരണ്ടാം * വസ്തുവില്ലെന്നഭാവമസത്വാവരണമാമത്രശോഭിപ്പീലെന്നതഭാനാവരണവും * പഞ്ചദശ്യാംതുമനനത്തിലുമേഖംവിധം ചഞ്ചലവിലയെകതല്പരരുള്ളന്നു *

(ൻ) നിത്യബ്രവമനിഷ്ഠയിൽപ്രമാദമതെന്നുംമൃത്യുവാമതെന്നും ശ്രീസനൽസുജാതീയത്തിൽ * പന്തിരണ്ടങ്ങുദോഷം മത്ത്യനാലുപേക്ഷ്യമെന്നന്തരംഗത്തി ലറിഞ്ഞീടുവാനതുംചൊല്ലു. * കാമവും ക്രോധംലോഭം മോഹവും വിഷയേഛത്വമയകരംകൃപാഹീനതാമസൂയയും*മാനവംശോകമിഛയീൎഷ്യയും ജുഗുപ്സയുമാനന്മമിഛിപ്പവർദ്ദൂരെനന്ത്യജിക്കണം*ഇവയിലെകമിരുന്നെന്നാലമാനസ്സിനെ സാവകാശമായ് വേടൻപക്ഷിതൻചിത്തംപോലെ*

(൰) മോക്ഷമാം ദ്വാരത്തിങ്കൽ നാലെല്ലാ ദ്വാരപാലർ ശിക്ഷയിലതിലേകൻ സ്വാധീനനായെന്നാകിൽ * പററുമായവ നാലും ശമവും വിചാരവും മററവ സന്തോഷവും സാധുസംഗതിയുമെ * ചിന്തിച്ചാകയാലിവയെല്ലാമെ സേവിപ്പോർക്കുസന്തതാനന്ദമെന്നുമഹോപനിഷദ്വാക്യം

(൰൧) അധ്യാരോപവുമപവാദവുമേവം രണ്ടാം ബുദ്ധ്യാ * കല്പിക്കും ഭ്രാന്തിജ്ഞാനമാമധ്യാരോപം * വസ്തുവിചജ്ഞാനത്താലുണ്ടായ മോഹം നീങ്ങി സ്വസ്ഥിവന്നീടുന്നേരം തെളിഞ്ഞിതപവാദം * ബ്രഹ്മത്തിൽ ജഗൽഭ്രാന്തിയുണ്ടാവതധ്യാരോപ മുണ്മയിലില്ലെന്നോർത്തുകല്പിപ്പതപവാദം

(൰൨) ചിത്തനിഗ്രഹത്തിനു മാർഗ്ഗങ്ങൾ രണ്ടുള്ളതിലെത്തുമൊന്നൊരുവനു മററതന്യനശക്യം * ആയവയോഗം ജ്ഞാനമെന്നിവരണ്ടുമെന്നു മായാമാനുഷനായിവസിഷ്ഠർപറഞ്ഞിതു

(൰൩) അഞ്ചവസ്ഥകളുണ്ടു ചിത്തത്തിന്നവകളെ നെഞ്ചകത്തറിഞ്ഞീടാൻ ചൊല്ലുന്നേനാകും വണ്ണം * ക്ഷേപവും മൂഢം വിക്ഷിപ്തവുമേകാഗ്രം നിരുദ്ധം സുപക്ഷരാജസത്താലന്വഹം ദുഃഖാദിഷു * ചെല്ലുന്നവൃത്തിതന്നെ ക്ഷിപ്തമെന്നുള്ള ഭൂമി അല്ലലുണ്ടാക്കുന്നൊരു താമസവികാരത്താൽ * കൃത്യാകൃത്യങ്ങൾ വിട്ടു കോപാദിമൂലം ചെയ്യും സത്തല്ലാതുള്ള മൂഢഭൂമി പൈശാചവൃത്തി * വിക്ഷിപ്താം സാത്വികാന്തവൃത്തിയെയുപേക്ഷിച്ചു ശിക്ഷയിൽ ബാഹ്യസുഖാദ്യാദിഷുപ്രവൃത്തമാം * ഏകാഗ്രനിരുദ്ധങ്ങൾ രണ്ടും സത്വോദ്രേകത്താലേകാകാരയാം വൃത്തി യോഗിനാം യോഗകാലെ * സംപ്രജ്ഞാതഞ്ചപുന രസംപ്രജ്ഞാതമെന്നും സാംപ്രതം ഭേദമായിട്ടിതിനെ ചിലർ ചൊൽവൂ * ബ്രഹ്മത്തെമാത്രം വിഷയീകരിച്ചതുമൂലം ബ്രഹ്മാകാരമാം വർത്തമാനവുമതീതവും * ഇതു യോഗികൾക്കുണ്ടാം സമാധികാലെതന്നെ മതമൊന്നന്യമോർത്താൽ പര്യവസാനഭൂമി * ഏവം ചൊല്ലുന്ന യോഗസൂത്രാദിഗ്രന്ഥങ്ങളിലു

CHATTAMPI SWAMI ARCHIVES

നിച്ചൂട്ടം ദേവാംശോത്ഭവനമഹാമുനി
(൧൪) ദേഹവുംമൂന്നുവിധം സ്ഥൂലവുംസൂക്ഷ്മം പിന്നെ കാരണമി
വകളിലഞ്ചുകോശങ്ങളുണ്ടു * അന്നവുംപ്രാണൻമനം വിജ്ഞാ
നമാനന്ദവു മെന്നതിലന്നമയകോശമാം സ്ഥൂലദേഹം * ലിംഗ
ദേഹത്തിൽപ്രാണവിജ്ഞാനമനോമയ മിങ്ങിനെമൂന്നുകോശം
പ്രാണകർമ്മേന്ദ്രിയങ്ങൾ * ചേന്നതുപ്രാണമയം മനസ്സുംധീന്ദ്രി
യവുമൊന്നായ്ക്കൂട്ടംപോൾമനോമയ കോശമാമത്രു * ബുദ്ധി
ജ്ഞാനേന്ദ്രിയങ്ങൾതന്നെ വിജ്ഞാനമയംസിദ്ധിച്ചു കാരണത്തി
ലാനന്ദമയകോശം * ഉറയായുധത്തെയും നല്പായൽവെള്ളത്തെ
യും മറയ്ക്കുന്നതുപോലെയാത്മാവെ കോശങ്ങളും * പുറത്തുപ്ര
കാശിക്കാതിരിക്കും പ്രകാരത്തിലുറച്ചുകോശങ്ങളീന്നന്വയവ്യതി
രേകാൽ * നീരാൽ ക്ഷീരത്തെ ഹംസമെങ്ങിനെയതുപോലെ
ധീരന്മാരായയതി വര്യന്മാരാത്മാവിനെ * ഉദ്ധരിക്കുന്നനേരംബ്ര
ഹ്മൈവാസ്മീതിഭാവം സിദ്ധമെന്നദ്വൈതബ്രഹ്മതത്വവിവേകം
മേലും
(൧൫) അന്വയവ്യതിരേകാ ദേവകോശങ്ങളെല്ലാം ഛിന്നമാമത്രു
മൂലമായവചിന്തിക്കുന്നു * സ്വപ്നാവസ്ഥയിൽസ്ഥൂലദേഹത്തി
ന്നഭാനത്തിൽ സ്വപ്നസാക്ഷിയായ് യാതൊരാത്മാവു പ്രകാ
ശിപ്പു * അങ്ങിനെപ്രകാശിപ്പതാത്മാവിന്നന്വയമാമിങ്ങദ്ദേ
ഹത്തിൻ തോ(ന്നലി)റ്റമില്ലാത്തപ്പോളഭാനം * ആത്മാവി
ന്നേതത്രെവ്യതിരേകവുമാകും സ്വാത്മനോലിംഗദേഹപ്രതീ
തിഹാനിയിങ്കൽ * സുഷുപ്തികാലത്തുണ്ടാംസ്ഫുരണമന്വയ
വും ഭാഷിക്കിലാത്മാ പ്രകാശിക്കുംപോൾ സുഷുപ്തികാലെ *
ലിംഗദേഹത്തിൻ ഭാനഹീനത്വം വ്യതിരേകം
ഭംഗമാംമൂന്നുകോശം സൂക്ഷ്മത്തിൽവിവേചനാൽ * സമാധി
കാലേ സുഷുപ്തിശബ്ദോ പലക്ഷിതമാമമിതാജ്ഞാനത്രൂപാകാര
ണശരീരത്തിൻ * പ്രതിഭാനസ്യാ ഭാവെയാത്മാവിൻപ്രകാശം

CHATTAMPI SWAMI ARCHIVES

ത്തെ സത്തമന്വയമെന്നറിവു ബുധജനം * വഴിയേയാത്മാ
പ്രകാശിക്കുമ്പോളജ്ഞാനത്തിന്നൊഴിവുതന്നെ വ്യതിരേകവും
ക്രമത്താലെ * കോശത്തിൻവിവേകത്താലനുഭവം നരന്മാൎക്കു
ള്ളാശയംബ്രഹ്മാനന്ദ കോശംനിൎവ്വാണംഫലം

(൰൯) സഞ്ചിതംപ്രാരബ്ധവുമാഗാമിയെന്നുംകൎമ്മം നെഞ്ചകം
തെളിഞ്ഞവർ മൂന്നായിപ്പറയുന്നു * മുന്നമാൎജ്ജിച്ചഫലം പ്രാപ്ത
മാകാതകൎമ്മം തന്നെസഞ്ചിതം ഭാവിയാഗാമി കൎമ്മമത്രെ * വ
ൎത്തിക്കുംദേഹത്തിന്നു ഹേതുവായുള്ള കൎമ്മം ശക്തിമത്തരം ഭോഗ
ത്താൽ ക്ഷയ്യമാരബ്ധകം * തത്വജ്ഞാനാനന്തരമാഗാമിക
ൎമ്മലേപമൊട്ടുകാണുമ്പോഴാം ജ്ഞാനിക്കെങ്ങിനെയെന്നുവച്ചാ
ൽ * ചേറ്റിലതന്നിലുള്ള താമരദളത്തിലും സംപ്രാപ്തമുണ്ടാംജല
സ്പൎശ്ശമെന്നതുപോലെ * ചണ്ഡഭാസ്കരനിരുട്ടിനേയും വഹ്നി
ദേവൻ തിണ്ണന്നതൂന്നാദിയേയും നാശംചെയ്യുംവണ്ണം * ജ്ഞാ
നാഗ്നിസഞ്ചിതത്തെഭസ്മമാക്കുന്നു ക്ഷണാല്പനാം പ്രാരബ്ധത്തിനു ഭോ
ഗത്താലെന്നിയില്ലാ * ഇന്ധനമില്ലാതാകുന്നേരത്തു വിറകൊട്ടു
ബന്ധനമററുവഹ്നിതൻയോനിയിലായിക്കുമ്പോൾ * ജ്ഞാനി
കളുടെസംഘംഭോഗത്താലൊടുങ്ങീടും നൂനമന്യന്മാൎക്കിതുക്ഷയിക്ക
യില്ലഭോഗാൽ * ശ്രീമുനിശാകായന്യമൈത്രാഖ്യശാഖതന്നിലി
മമേവാൎത്ഥംചൊന്നാൽ ശ്രീമന്നതാന്തമൊപ്പം (പാരിപ്രഷ്യശ്രുതി
യും) * വഹ്നിയിലാജ്യാദികൾ ഹോമിച്ചാലൊന്നുകൂടി നന്നായി
ജ്വലിപ്പീലെ എന്നതുപോലെയിതും

(൨൰) ജീവേശഭേദമില്ലാതുള്ളൊരു ചൈതന്യത്തെ കേവലമാ
ശ്രയിച്ചിരിക്കുന്നിതുതന്നെമായാ * യുക്തിയിലടങ്ങാത്ത മൂല
പ്രമചിന്ത്യമാം ശക്തിയുള്ളതുകൊണ്ടും മായയെന്നിചൊല്ലപ്പെട്ടും *
ആദിയില്ലിതിന്നന്തം വിദ്യയാലുണ്ടാകയാൽ ഭേദേനചൊല്ലു മ
ഹിമ്നേതി നാമവു സദാ * ഏവമുണ്ടനാദിവസ്തുക്കളാറവകളുമ
ശ്ശ്യമറിയേണ്ടതാകയാലറിയണം

(൧൯) ജീവനമീശൻ ബ്രഹ്മം മായാനാലാമതാകമവിദ്യാഞ്ചൈ തന്യങ്ങളാം തന്നുടെസംബന്ധവും * ഇവയാറിന്നുമുള്ള ഭേ വുംചേൎന്നഷളാക്കം ചൊല്ലോടെ ചൊന്നേനേവമനാദിസാധന ങ്ങളാം * ത്രികാലങ്ങളിലുമ്മ്‌ബ്രഹ്മമുണ്ടഖണ്ഡമാ യാകയാലന ന്തവു മാകുമിസ്സത്തോൎക്കിൽ അന്തജ്ഞാനത്താലെത്തു മന്യ സാധനങ്ങളെ സാന്തമെന്നല്ലൊ നല്ലബ്രഹ്മവിജ്ഞകാചൊൽ വൂ * ജീവൻ്റെസ്വരൂപത്തെ വിവിധകല്പിക്കിലു മിവി ടെഭിവിധമായ്പ്രതിപാദിക്കപ്പെട്ടും * അന്തഃകരണമധി ഷ്ഠാന ചേതനംപിന്നെ യന്തരംഗത്തിലുണ്ടാം ചേതനപ്രതിബിം ബം * ഇമ്മൂന്നുംചേൎന്നുജീവനെന്നൊരു പക്ഷംപിന്നെയ ന്യമജ്ഞാനാംശത്തിലുള്ള ചേതനാഭാസൻ * അജ്ഞാനാം ശത്തിന്നധിഷ്ഠാനമാം കൂടസ്ഥൻമേലജ്ഞാനാംശവുംചേൎന്നാമു ത്തമ പക്ഷമിതാം * ബുദ്ധിയിനഭാവംതാൻ സുഷുപ്തിയിലുണ്ടാ കയാൽ ബുദ്ധിയിലാഭാസനു മില്ലെന്നുവരുംന്യൂനം *ഏവംചൊ ൽപ്രാജ്ഞസ്വരൂപ പ്രകാശകംശാസ്ത്ര മവശിഷ്ടാഭാവമാം നിർ ദ്ദോഷംരണ്ടാംപക്ഷം

(൨൦) പതിനാലാകുംവയസ്സിന്നു മേലുള്ളോരോരോ പതിവാം കൎമ്മം പതുപ്പത്തുജന്മത്തെച്ചെയ്യും * കാമ്യത്തിൽസാധുക്കൾ ക്കു നരകത്തേക്കാൾഭീതിസാമ്യമില്ലാതൊരനൎത്ഥ പ്രാപ്തികാരണ ത്താൽ * മൎത്ത്യലോകത്തെപ്രാപിച്ചുള്ളോരു സുഖേച്ഛക്കും നതാരമുപേക്ഷിക്ക നിഷിദ്ധകാമ്യങ്ങളെ * നിത്യനൈമി ത്തികാദി നിഷ്കാമകൎമ്മങ്ങളൊ കൎത്തവ്യംബ്രഹ്മാപ്പണ മിതി നാൽ ധൎമ്മോല്പത്തി * ധൎമ്മോല്പത്തിയാൽ പാപഹാനിയു മി തുമൂലം നിൎമ്മലചിത്തതവുമതിനാൽസംസാരത്തിൻ * സ്വ രൂപജ്ഞാനംതതോ വൈരാഗ്യമുമുക്ഷുതാം പരിചിൽമോക്ഷോ പായാ ന്വേഷണം സന്യാസവും * അഭ്യാസയോഗംതത ശ്ചിത്തൈന്യ കാഗ്ര്യമുണ്ടാലഭ്യമാംപിന്നെതത്ത്വമസീതിജ്ഞാ

വാക്യം * അവിദ്യാനാശംഫല മിതിനാലാത്മാവിങ്കലവ
സ്ഥാനമാമഹാബ്രഹ്മമെന്നാറപ്പോട്ടും * നിഷ്കാമം സാധിപ്പിക്കും
ശങ്കരപൂജ്യശിഷ്യനൈഷ്കർമ്യസിദ്ധി തന്നിലേവ മല്ലാമെചൊ
ല്ലി * "തത്വംചൊല്ലുമ്പോൾ മറന്നുള്ള കണ്ഠസ്ഥമണിപ്രാപ്തി
പോലെന്നുതന്നെ ദൃഷ്ടാന്തമുരക്കുന്നു

(൨൭) ജീവന്മുക്തത്വമിതു" തസ്യലക്ഷണംകിഞ്ചിത്സവിശേ
ഷേണ വർണ്ണിച്ചീടുന്നേൻ ഭക്തിപൂർവ്വം * ആനന്ദംസദാചി
ത്തെ വളരുംമഹാന്മാരും മനസാപ്രപഞ്ചത്തിൻ സ്മൃതിയെവിട്ടവ
രും * വാസനാരഹിതമാം ബോധമുള്ളവർകളും ശ്വാസോ
ച്ഛ്വാസങ്ങൾചെയ്യും ചെയ്യാതോരുംമുക്തരാം * ചിന്തയ
റ്റൊരു ചിത്തയുക്തന്മാർ ശരീരത്തിൽ സന്തതംവസിക്കിലും നി
ഷ്കളർപോലെയുള്ളോർ * ഭൂതഭവ്യങ്ങൾതന്നിൽ സ്മരണകൂ
ടാതെവാ നിതാന്തംവാഴുന്നവർ ജീവന്മുക്തന്മാർതന്നെ * ഛാ
യക്കുതുല്യമായി ദേഹത്തെഗണിപ്പോരും മായാകാര്യമാമഹംഭാ
വാദിയറ്റവരും * ഇഷ്ടാനിഷ്ടങ്ങൾരണ്ടും പ്രാപ്തമാകിലുമതി
ൽ സുഷ്ടുദ്വേഷ്ടൂനഭാവ ഹീനരുംമുക്തന്മാരാം * സത്തുക്കൾ
പൂജിക്കിലും ദുഷ്ടന്മാർനിന്ദിക്കിലും ചിത്തത്തിൽസമഭാവം ഭവി
പ്പോർ ജീവന്മുക്തർ * കട്ടാദിഷഡ്രസങ്ങൾ സമമായ് ഭുജി
പ്പോരും കാട്ടിൽവാഴ്കരാജ്യപരിപാലനംചെയ്ക * ഉല്പത്തി
സ്ഥിതി പ്രലയങ്ങളാം ബന്ധങ്ങളെ കല്പിച്ചുസമതയാ വാഴ്പോ
രും മുക്തന്മാരാം * വിഗതസ്നേഹന്മാരായ് സാക്ഷിപോലി
രുന്നിട്ടു സംഗമെന്യേകാര്യം പ്രവർത്തിക്കുന്നവർ ജീവന്മുക്തർ * ഇ
തിന്നുമേലിലൊരു പദവിയില്ലപാർത്താൽ മതിയിലോർക്കുന്നേരം
വിദേഹമുക്തിസിദ്ധി * തേജോബിന്ദ്വാദി ശ്രുതിതന്നിലുമ
നന്തരമാജീവന്മുക്തിനാമഗ്രന്ഥഭാഗേപിചൈവം

(൨൮) പ്രജ്ഞകൾരണ്ടുവിധം സ്ഥിരയുമസ്ഥിരയും പ്രാജ്ഞരാം
സ്ഥിതപ്രജ്ഞർ ലക്ഷണമേവമല്ലോ * നിർവ്വികല്പയും പൂ

CHATTAMPI SWAMI ARCHIVES

നഷ്ഠിന്മാത്രയായി വൃത്തിയെ സർവ്വജ്ഞൻവിവേക ചൂഡാമണൌ
പ്രജ്ഞയെന്നാർ * ആയതുസുസ്ഥിരയായുള്ളവർ സ്ഥിതപ്ര
ജ്ഞൻ മായാമാനുഷൻ ജഗദ്വ്യാപകൻ കാരുണ്യാബ്ധി * നി
ർമ്മലചിത്താർത്ഥിക്കും സന്താനവല്ലീകാല തന്മലർപദം പണിയു
ന്നവർക്കൈക്യസ്ഥാനം * വേദത്തിൻശിരോഗത സൂക്ഷ്മമൂർത്തി
മാർസ്വരപ്രതിഷ്ഠായുക്തൻ കൃഷ്ണൻഗീതയിലേവംചൊല്ലി *
മനസ്സിലുത്ഭവിക്കും കാമങ്ങളെല്ലാറ്റെയും നിനച്ചുപേക്ഷി
ച്ചിട്ടാത്മനാ രമിപ്പോരും * ഇന്ദ്രിയാർത്ഥങ്ങളിൽ നിന്നിന്ദ്രി
യ ഗണങ്ങളെ നന്നായ് ക്രമംതന്നംഗമുംകൊള്ളും പ്രകാരത്തി
ൽ * തിങ്ങിനമോദാൽ ഹരിക്കുന്നോരു ധീരന്മാരും സംഗഹീന
ന്മാരാകും സ്ഥിതപ്രജ്ഞന്മാർ നൂനം

(൨൩) തത്ത്വമസീതി ജ്ഞാനത്തിന്നുമേൽ സത്തായന്യം
നാസ്തിയാകയാൽ വെളിയിടുന്നേനർത്ഥലേശം * ഏകമായ്
ദ്വൈതമായ് രൂപാദിരഹിതമായ് വകഭേദങ്ങൾ സ്വഗതാദിക
ളില്ലാത്തതായ് * സൃഷ്ടിക്കുമുമ്പുമതുപോലവേ വിചാരിക്കും
ദൃഷ്ടിക്കുപിന്നമെത്തും സദ്വസ്തു തല്പദാർത്ഥം * വാക്യാർത്ഥചി
ന്തനത്തെ ചെയ്യുന്നശ്രോതാവിന്റെ യാക്കമുള്ളിന്ദ്രിയാദി ദേഹ
ങ്ങൾക്കതീതമായ് * സാക്ഷിയാസ്ഥിലക്ഷണമായിരിപ്പോരു
വസ്തുലക്ഷിതം ത്വംപദത്താലർത്ഥവുമതുതന്നെ * ഇവററി
ന്നേകഭാവമുണ്ടാക്കുമസിപദമലിവോടതിന്നൈക്യം സേവി
പ്പിൻ മുമുക്ഷുക്കൾ * എന്നുശ്രീശുകരഹസ്യശ്രുതി ചൊല്ലുന്നി
തു പിന്നെയും വാക്യരത്നാവല്യാദി ഗ്രന്ഥങ്ങളും

(൨൪)വിരുദ്ധാംശത്തെ വിട്ടിട്ടന്യത്തെഗ്രഹിക്കുകിൽ വരുമന്നേ
രം ജഹദജഹല്ലക്ഷണാഖ്യാ * ഇതിന്നുണ്ടന്യനാമമായതുഭാ
ഗത്യാഗമതിന്റെലക്ഷണത്തെ കിഞ്ചനപറയുന്നേൻ * മായ
യാലുണ്ടാംസർവ്വജ്ഞതാദി തച്ഛക്തികളുമായവണ്ണമെയാഭാസനോ
ടെ മായയേയും * ത്യജിക്കിൽചേതനാംശലക്ഷിക്കും ഭാഗത്യാഗ

ജന്മമരണഭാസയുക്തയാമവിദ്യയും * അവിദ്യാകാര്യമാകുമല്ലോ
ജഡതയാദികളുമേവമഞ്ഞുപേക്ഷിക്കിൽ ചേതനെഭാഗസിദ്ധി *
ചേതനാംശത്തിൽ ജീവബ്രഹ്മൈക്യം വന്നുകൂട്ടും മതിയിലുറപ്പിച്ചു
വിചാരസാഗരത്താൽ * ഇത്ഥം വാമഹാവാക്യവിവേകഗ്രന്ഥാ
ക്തികളൊത്തിട്ടെന്നിരിക്കിലും ക്ഷന്തവ്യം മഹാത്മഭിഃ

(൮൩) വൃക്ഷത്തിൻപുഷ്പത്തിനുമാമരത്തിനും ഭേദംസാക്ഷാലോ
ക്കുമ്പോം സ്വഗതാംസിദ്ധം വൃക്ഷത്തിനും * കല്ലിനുമുള്ള ഭേദം
വിജാതീയമാമതുപോലുള്ളകം തമ്മിൽതമ്മിലുള്ളതു സജാതീയം *
സൃഷ്ടിക്കുമുന്നംനാമരൂപാദ്യഭാവത്താലും * ശിഷ്ടമാം രഹിതമായ്
ത്തീർന്നശോഭിക്കയാലും * ആകാശം പോലെ നിരംശകമായി
രിക്കുന്നോരേകമാം സദ്വസ്തുവിന്നില്ലഭേദങ്ങളൊന്നും * അദ്വൈത
ത്തെ സഹിയാത്തോരദ്വൈതശ്രുതിയുടെ മതമിതത്രെ ഗ്രഹിച്ചി
ന്നനചെയ്തീടുവാൻ

(൮൪) അലയും നുരികളും പോലെയെന്നിത്യാദികൾ ജലമേ സ്വ
രൂപത്താലവ്വണ്ണം ദേഹാദിയും * ചിത്തു താനെന്നു ബോധിച്ചീടു
വാനെന്നു പരമതലങ്ങളാകവേണ്ട സാധനസമ്പാദ്യത്തിൽ *
ഘടത്തെഘടമെന്നുധരിക്കുന്നതുപോലെ വടിവിൽ ബ്രഹ്മമഹമെ
ന്നുകല്പിപ്പാൻ ശക്യം * ചിത്തൊന്നാൻ നിറഞ്ഞുള്ളോരാത്മാവെന്നോ
കരതന്നെ ചിത്തത്തിൽ സദാശ്രദ്ധയുക്തരായ് ധരിപ്പവർ * എത്ര
ചിന്തിച്ചീടിലുമെന്തെങ്കിലുമവയ്ക്കെന്തീരാബന്ധമെന്നു ചൈ
വല്യം പറയുന്നു * അഹമെന്നുള്ള ഭാവമൊന്നൊഴിച്ചെന്നാല
ഹംതാകർത്തൃത്വാദിയാത്മാവിൻ ധർമ്മങ്ങളായ് * ഒരിക്കൽ പോ
ലുംനിനച്ചീടാത്തമഹാത്മാക്കൾ വിരവിൽ ലോകം കെട്ടുവടിവൈ
കിലുമേഷാം * ഉണ്ടാകയില്ലബന്ധമെന്നല്ലോ ജഗദീശനരുൾ
കോൻസ്വതന്ത്രനോട്ടുചൊന്നതും സംഖ്യമല്ലേ * ഭ്രമങ്ങളെല്ലാംവിധമു
ള്ളവയൊഴിഞ്ഞുടൻ ശമമുള്ളതിലുദിക്കുംപടിയവ ചൊൽവൻ *
ജീവേശഭിന്നഭ്രമമൊന്നാമതാകുന്നതുമേവമാത്മാവിലുണ്ടാം കർത്തൃ

CHATTAMPI SWAMI ARCHIVES

ത്വഭ്രാന്തിരണ്ടാം * ശരീരയുക്തനാത്മാസംഗിയെന്നതുമൂന്നാംപ്ര
രിചിൽജഗൽകർത്തൃബ്രഹ്മത്തിൻവികാരിത്വം * നാലാമതന്യേ
മത്തു കാരണത്തുങ്കൽനിന്നു ചാലവെഭിന്നമാകും ജഗത്തിൻസത്യ
ബുദ്ധി * ബിംബത്തിൻപ്രതിബിംബംകണ്ടോന്നാം ഭ്രമംക്ഷീരം
സംബന്ധാദികൾസ്ഫടികത്തൊട്ടു ചുവപ്പിന്റെ * ദൃഷ്ടിയാൽ
രണ്ടാംഭ്രമമാകാശംഘടാകാശ സൃഷ്ടദൃശ്നാൽമൂന്നാംഭ്രമവുംനിവൃ
ത്തികാം വള്ളിപ്പാമ്പിന്റെ ദൃഷ്ടിമോക്ഷത്താൽ * നാലാമത്തുമു
ള്ളത്തിൽ സ്വർണ്ണകടകാദിയാലഞ്ചാമത്തും നിവൃത്തിയാകുന്നേരമാ
ത്മാവിൻസ്വപ്രകാശം സർവ്വതോവ്യാപ്തം ചിത്തശുദ്ധിക്കായ്ഗ്രാ
ഹ്യമത്രേ

(൨൭) യാതൊരുകാര്യാരംഭേ വിഷപാനംപോൽദുഃഖം ചേത
സ്സിലുണ്ടാകുന്നു പക്ഷത്തിലമൃതായി * മന്ദമായിടവിക്കുന്നസാ
ത്വികഗുണത്തിന്റെ നിത്യാംസുഖമിവവിഷയസംബന്ധത്താൽ
* യാതൊന്നസുധാപാനംപോൽപക്ഷെദുഃഖപ്രദമിതിനെ രാ
ജസമെന്നത്രസിദ്ധാന്തിച്ചോർവൃ * ആരംഭേപുനരഥസംബന്ധ
ത്തിലുമേററംപെരുകുംമോഹസുഖമേതിൽനിന്നുണ്ടാകുന്നു * അ
തുപോൽനിദ്രാപ്രമാദാദികൾപരിണാമെ യാതൊന്നിലുള്ളതു
താമസകാര്യമല്ലോ * സർവ്വഭൂതങ്ങളിലും പ്രകൃത്യാദികൾഭേദംഗ
ർവ്വുമററുള്ളൊരുസമത്വം സാത്വികമാം * വർണ്ണാദിഗുണഭേദം
തിരിച്ചുഭൂതങ്ങളിൽ തിണ്ണുന്നുണ്ടാകുംജ്ഞാനം രാജസമാകുന്നിതു
* ഹേതുഭാവമായേകദേശോവാപ്രതിമാദൈവ ചിത്താംബാഹ്വാ
ത്മസ്വരൂപത്തിലെന്നുള്ള പോലെ *വ്യക്തമായറിയാതെയുള്ളൊ
രുമഹാമോഹശക്തി * താമസമെന്നസർവ്വജ്ഞന്മാർമതം *
ആകയാൽ ബ്രഹ്മിഷ്ഠരിൽ ചണ്ഡാലനാരിലഥ പാകംചെയ്യുടൻ
ശ്വാഗോഗണത്തെ ഭുജിപ്പോരിൽ * സമദൃക്കായുള്ളവർ പണ്ഡി
തോത്തമന്മാരെന്നമിതാനന്ദരസം ചൊരിയുന്നിതുഗീതാ

(൨൮) അഹംകാരത്തെയഥ കാമക്രോധാദികളെസഹസാത്ര

ത്തിച്ചുള്ള മൂഢരാം നരാധമർ * തങ്ങടെദേഹേപുനരന്യദേഹത്തിങ്കലും നിന്നെഴുന്നരുളുന്നൊരാത്മാവുതന്നെ * നിന്ദിക്കുന്നോകിലവർ സന്തതം ക്രൂരജന്തു തങ്ങടെയോനികളിൽ ജനിച്ചങ്ങനമിനം * വ്യാപിയാം ജഗദീശഭജനമെത്താതതിതാപയുക്തമാമധോഗതിയെ പ്രാപിക്കുന്നു * നരകപ്രാപ്തിയാത്മനാശത്തിന്നന്തരംവരുത്തും കാമക്രോധലോഭങ്ങളുപേക്ഷിച്ചു * ആത്മാവിൻശ്രേയസ്കര കർമ്മങ്ങളനുഷ്ഠിച്ചു സ്വാത്മനാരമിച്ചുമേൽ കൈവല്യം പ്രാപിക്കണം

(൨൩) യോഗവാസിഷ്ഠോക്തമാം ജ്ഞാനഭൂമികളേഴും ഭാഗിച്ചു പിന്നെവെവ്വേറായുമായവ ചൊല്ലാം * ശുഭേച്ഛാവിചാരണാ, തനുമാനസീ, പിന്നെയക്ഷയകരാ, സത്വാപത്തിയു,മസംസക്തിനാമികാ, * പദാർത്ഥഭാവനയും, തുര്യമേവം ശ്രീമതാം വരിഷ്ഠൻ ശ്രീവസിഷ്ഠനരുചെയ്തു * സാധനസമ്പന്നനായധികം ശ്രദ്ധാലുവായ് സാധുസംസർഗ്ഗാൽ മോക്ഷമിച്ഛിക്കുന്നതുശുഭേച്ഛയാം * വിവേകം ശാസ്ത്രാഭ്യാസം സത്സംഗം വൈരാഗ്യവുമിവമൂലമായിട്ടിന്നു ശ്രവണം മനനവും * ചെയ്യുന്നതു വിചാരണാ തന്നാലെ ലക്ഷ്യമാകും ഭാവനയെല്ലാം വിട്ടിട്ടേകവസ്തുവിൽ തന്നെ * നിദിധ്യാസനരൂപമായുള്ള മനോവൃത്തിയാദരാലോകിക്കുന്നോരം തനുമാനസിയെല്ലോ * ഉക്തങ്ങളായ മൂന്നു ഭൂമിയിലഭ്യാസത്താൽ ചിത്തശുദ്ധ്യാഹം ബ്രഹ്മമെന്നുള്ള മനോഭാവം * പരോക്ഷജ്ഞാനരൂപവൃത്തിയാം സത്വാപത്തിയതുണ്ടായവൻ നാലാം ഭൂമിസ്ഥൻ ബ്രഹ്മവിത്താം * മേലുള്ള ഭൂമി മൂന്നാമസംപ്രജ്ഞാനമതിൽ ശീലിച്ചു സല്ക്കലയിച്ചുറച്ചന്യങ്ങളെല്ലാം മുറയെമറപ്പതാമസംസക്തിനാമികാ ചെരുത്തും ബാഹ്യാന്തര ഭാവനകൂടാതൊരു * നിലയിലന്യപ്രയത്നത്തിനാലുണരുകഫലമാം പദാർത്ഥഭാവനയാറാമതല്ലോ * ഏവമുക്തമാം ഷഷ്ഠഭൂമിയിൽ ചിരാഭ്യാസാൽ ഭവിക്കും തുര്യമിതിൽ ബ്രഹ്മവിദ്വരിഷ്ഠനാം

CHATTAMPI SWAMI ARCHIVES

(൩൦) ബ്രഹ്മവിത്തുകൾ മൂന്നുവിധമെന്നല്ലൊ പാൎത്താൽ സമസ്തലോകപ്രധാനൻ പിന്നെപ്രാധാന്യേന * വിവേകിസമാധിസ്ഥനെന്നിവർകളെത്തന്നെ യിവിടെവിശേഷേണ ചൊല്ലീടാമറിവാനായ് * ലൌകികവ്യവഹാര പ്രധാനന്മാൎക്കും ശോകേഷ്യാമദാദികൾ ബാധിക്കയില്ലതാനും * വിവേകപ്രധാന ന്മാരിവകയടക്കീട്ടും സവിധേപോലുംവരാ സമാധിയുക്തനെങ്കിൽ * ഭേദമില്ലിവൎക്കൊക്കും കൈവല്യമെല്ലാവൎക്കും ഖേദാദിയുണ്ടാവതാ പ്രാരബ്ധഭേദത്താലെ

(൩൧) അനാദിത്വവും നിൎഗ്ഗുണത്വവും ഹേതുവായി ട്ടനവാസരം ഹൃദിവസിക്കും പരമാത്മാ * കൎമ്മത്തെ ചെയ്യുന്നീല സംബന്ധമതുമില്ലാ നിൎമ്മലമതി സൂക്ഷ്മമാകയാൽ സൎവ്വഗതം * ആകാശമൊട്ടുന്നീല പിന്നയുമതുപോലെ യേകനാംസൂൎയ്യൻ സൎവ്വലോകങ്ങളുടെ ചക്ഷു * ബാഹ്യ ചക്ഷുസംബന്ധദോഷങ്ങളാലേതുമേ ബാഹ്യമായ് ലിപ്തനല്ലിങ്ങേവം സൎവ്വഗോപ്യാത്മാ * ഒട്ടുന്നീലൊന്നിനോടു മേകനായ്വശിയായി കെട്ടിടമാകും ഗാത്രക്ഷേത്രത്തിലിരുന്നിട്ട് * രൂപങ്ങൾപലതായി ചെയ്യുന്നതാത്മാവെ സാപേക്ഷ്യഹൃദ്ഗഹേശൻ താനായിട്ടറിവോൎക്ക് * നിത്യം സുഖമുണ്ടാ മന്യന്മാൎക്കില്ലയെന്നും മതിമോദാത്മം കളവല്ലിശ്രുതി പറയുന്നു

(൩൨) തന്നുടെയാത്മപൂജക്കൊത്തതാ യൊരുകൎമ്മം മന്നിടം തന്നിലില്ല എങ്ങുമേയോൎത്തു കണ്ടാൽ * ഇന്നതുചെയ്തുകൊണ്ടാവാനുണ്ടാകും പണിചാര മെന്നതു പകൽ പൂജിച്ചീടൊലാ രാത്രിയിലും * ആയനേദക്ഷിണേപിന്നുത്തരായനത്തിലും നിയമമില്ലപൂജിക്കുന്നതും യോഗ്യമല്ല * ഗുരുകാരുണ്യാൽ ജന്മവാസനയാലെതന്നെ പരിചിലുണ്ടാമൊരു കഴിവിന്നിരിന്നതു * വിരിഞ്ചികേശവന്മാരധിദൈവമാംമാൎഗ്ഗം വിരവിലാശ്രയിച്ചു ചരിക്കും ചിത്രേന്ദ്രുക്കൾ * ഗതിയില്ലാതെവരും സാന്ധിയിലമാ

വാസി ശതമാമതുകാലം പൂജിപ്പതത്യുത്തമം * വിഷുവകാല മുണ്ടാ മിതുപോലതുംകൊള്ളാം ശേഷമൊക്കയുമധമ മിതുബാഹ്യ മല്ല

(൩൩) കാഠകേശ്രുതൌ ചൊല്ലുന്നിന്ദ്രിയത്തിനെക്കാളും ശ്രേഷ്ഠമാംവിഷയങ്ങ ളതിലുംപരംമനം * മനസ്സിൽബുദ്ധി യാത്മാ ബുദ്ധിയെക്കാളുംപരം നിനച്ചുകാണെന്നോര മിതിലുംമഹാ ൻപരം * മഹത്തത്വത്തെക്കാള മവ്യക്തമതിനേക്കാൾ ഗ രിഷ്ഠശ്രേഷ്ഠനാം പുമാൻപരമൻപരമാത്മാ * പരമാവധിയിതു പുരുഷൻ തങ്കൽനിന്നു പരമായന്യമൊന്നു മില്ലമേലറിവാ നായ് * ഇപ്പരമാത്മാഗ്രഹ്യനായിട്ടു ഭൂതങ്ങളി ലല്ലവുംപ്രകാ ശിക്ക യില്ലഗ്ര്യബുദ്ധികൊണ്ടു * സൂക്ഷ്മദൃക്കുകളാലെ ദർശിക്ക പ്പെട്ടുന്നിതു സൂക്ഷ്മാകാശത്തിലേറെ സൂക്ഷ്മനാംപുരിശയൻ *

(൩൪) ഇങ്ങനെയിരിക്കുന്നോരാത്മാവെദ്വൈതികളും സംഗ തിയറിയാത്ത മററുള്ള മൂഢന്മാരും * അംശത്തിൽപ്രധാന മാം കണ്ണു കാതുജനിയാതോർ അംശിയിൽഗജത്തിന്റെ യംശങ്ങളെ തൊട്ടുനോക്കി * കല്പിക്കുംഗജരൂപം ബഹുധാമെന്നതുപോ ലെ ശില്പമായറിവവർ മനസ്സിൽവാക്കിനേയും * ആത്മാവി ൽമനസ്സേയു മാത്മാവെസാക്ഷിയിലും സ്വാത്മനി പൂർണ്ണാത്മനി സാക്ഷിയെയതുപോലെ * ലീനമാക്കുന്ന പുനരിതിലും ശാ ന്തിപ്രദം മനസാവിചാരിപ്പാൻ പോലുമില്ലേതുമെങ്ങും *

(൩൫) ആത്മാവുതന്നാൽ നിയോഗിക്കപ്പെട്ടുള്ള ദൂതൻ സദ്മ നിഹൃദ്ഗുഹായാം വിവേകനാമത്തൊടു * ആകാശേ ചന്ദ്രൻ വിളങ്ങുന്നതുപോലെനന്നായ് സകാലാനന്ദപ്രാപ്ത്യാവാഴുന്നനിര ന്തരം * ഇദ്ദേഹാധാത്മാവുതന്നെ യന്തരാത്മാവു[illegible] ശബ്ദമാംപ്രണവവു മീശ്വരവാചകമാം * അത്യഗാധമാംസി ന്ധുവ [illegible]കോടരങ്ങളിൽ മൃത്യുവാം ചുഴിയിലും കല്ലോലരാശി യിലും * പ്രേമബന്ധങ്ങളാകും തരളത്തിലുംപിന്നെ സ്വപ്ന

CHATTAMPI SWAMI ARCHIVES

ഷണ്ഡവായ്യ തന്നില്യുഗ്മൽവോൾ * സവിധേമേവം ജ്ഞാ
നദീപികൊണ്ടെന്നാമെങ്കിൽ വിവേകാത്മനാ പോതമെന്ന വാ
സിഷ്ഠംതന്നിൽ
(൩൭) അഹമേവ സച്ചിൽ പരാനന്ദാത്മാവെന്നറിഞ്ഞു മോഹ
മാം ജഗൽഭ്രാന്തി ദൂരെസന്ത്യജിപ്പാനായ് * ഇന്നിഹജഗൽ
സ്ഥിതി കിഞ്ചിൽ ചൊല്ലുന്നതത്രെ നന്നോറാംഭ്രാന്തി നിവൃത്തിക്കെ
ന്ന വിദ്വാന്മതം * മൃഗതൃഷ്ണാംബുതുല്യമാം ജഗത്തുള്ളതാകം
നാശശൃംഗാംകൃതിമുയൽ കൊമ്പിനാലെങ്കിൽ * വന്ധ്യാ
പുത്രന്റെ വാക്ക കേട്ടങ്ങാംഗീതിയെങ്കി ലന്ധനായ് ജനിച്ചവൻ
രത്നത്തിൻവില ചൊൽകിൽ * നരന്റെ കൊമ്പുകൊണ്ട ജ
ന്തുക്കൾ മൃതമെങ്കിൽ ഗന്ധർവ്വനാഗബന്ധു വാകിലുമുണ്ടാംജ
ഗൽ * ശുക്തിവെള്ളിയാകിലും രജ്ജുവാൽ കടിപെട്ട ചിക്ക
ന്മരിക്കിലും സദ്യോജാതയാംകന്യാ * തന്ത്രസമ്പന്നാഭോഗ
ഭോഗ്യയായ്വരികിലും വെള്ളരിഞ്ഞിപ്പമാംബീജം മുളക്കന്നാളുംജ
ഗൽ * ചിത്രത്തിലുള്ള ദീപം കൊണ്ടിരുൾനശിക്കിലും പേ
ത്താമാസങ്ങൾമുൻപേ മരിച്ചാർജീവിക്കിലും * തങ്കമേൽ
ക്ഷീരമായീടുകിലും ശശാങ്കിൻപുഷ്പം വക്രാവത്തെ വിട്ടുനേ
രായാ സ്സരികിലും * കറന്നപശുവിൻപാൽ പിന്നെയുംമുല
കളിൽ നിറയേന്നാകിലും ജഗത്തിൽസ്ഥിതിസത്യം * ആ
മത്തൻരോമംകൊണ്ടു ട്ടാനയെബന്ധിക്കിലും താമരനൂല്യകെട്ടി
മേരുവെയിളക്കിലും * അഗ്നിയിൽജ്വാലകിഴ്പോട്ടാ സ്സുത
മെന്നാകിലു മനികണ്ഠത്തിൽ പത്മാവൃദ്ധിയാസ്സരികിലും *
വനതാമരക്കായിലിപികം മേരുവിനെ ചൊന്നാതവണ്ടിൻക
ഞ്ഞു വിഴുങ്ങീടുന്നാകിലും * ജ്ഞാനികളുടെചിത്തം മൂഢന്മാ
രറികിലും ശൌനൽസിന്ധുവിൻജലം നക്കിവറ്റിച്ചീടിലും *
ഉണ്ടാകുംജഗൽസ്ഥിതി യെന്നിതിൽവിശ്വാസമൊ ന്നിങ്ങുകപോ
ലുമില്ലിന്നായപോൽ ജഗത്തിലും * വിട്ടുന്നാത്മാവുങ്കൽ വി

CHATTAMPI SWAMI ARCHIVES

ശോസമൎപ്പിച്ചു നഷ്ടഭ്രാന്തനായഹം ബ്രഹ്മമെന്നറപ്പോട്ടം * ഇരിക്കിൽസൎവ്വം ലയമാറങ്ങും പുരുഷന്റെ കരസ്ഥപുഷ്പവൃത്താ തേജോബിന്ദുവാം ശ്രുതൌ

(൩൭) നാരിമാരുടെയോനൌ താൻതന്നെജനിക്കയാൽ പേര വൎണ്ണോസ്ത്യന്നാജായേതിഹ്യരുസ്മൃതിഃ * അഗ്നികുണ്ഡമതോ ടൊക്കും നാരിമാരികത്തു ഭഗനാരാംഹ്യതകങ്ങും കണക്കാപുരുഷ ന്മാർ * കുചമാദിയായ്ഭഗത്തോളവും ന രകമാ മചിന്ത്യ ദൃഷ്ട ന്ദ്രണ കടെലിംജനിച്ചിട്ട് * തിങ്ങിനമോഹാൽ തത്രമലികാം മൂഢജന മെങ്ങനെകരകാണാ നെന്നവധൂതഗീതാ * പ ക്ഷികളാകംനരന്മാരുടെ യംഗങ്ങളെ യക്ഷണംബന്ധിക്കുന്ന വേടന്റെ വലനാരീ * നരകാഗ്നിയെ ജ്വലിപ്പിക്കുന്ന വിറ കത്രെ നാരിമാരെന്നു സൎവ്വസമ്മതം ശ്രുതി(ശാസ്ത്ര)ബലാൽ * തൊലിയുംചോരമാംസ മസ്ഥിയുംവേൎതിരിച്ചു ചാലവേനോക്കു ന്നേരംരമ്യമല്ലെന്നാകിലൊ * എന്തുകാൎയ്യംതവ ചിത്ത മേയെന്നചൊല്ലി സന്തതംതെറ്റുന്നിത്തുന്ന തത്യന്തസുഖം * ഭക്ഷ്യമെന്നോൎത്തഗ്നിയി ലീയൽവീഴുന്നവണ്ണം കുക്ഷിരക്ഷിപ്പാൻ നോക്കി മുളഞ്ഞിൽചിച്ചപോലും * പാതാളത്തെത്തിജ്ജലം കൊണ്ടരുന്നതുപോലെ മതിമൂഢന്മാർ തപോമന്ത്രാധികരങ്ങ ളാൽ * കന്നൽക്കണ്ണേർമിഴിമാരെ സ്വാധീനംപോലെകണ്ട നിന്ദ്യന്മാർമനസ്സിനെ പ്രണയാൽദത്തംചെയ്വൂ * മാന സമവർകരം തന്നിലായെന്നാകിലൊ ന്യൂനമില്ലെട്ടപ്പാനും ശക്ത രാശ്ശൂന്നീലാ * ഈവണ്ണമുഴലാതെ മോക്ഷേച്ഛയോടുംകൂടെ സൎവ്വദാഭഗവാനെ ചിന്തിച്ചുച്ചീച്ചീടണം

(൩൮) ഭിക്ഷുക്കളൊരുവിധ മുള്ളവർദോഷജ്വാലം സൂക്ഷ്മ മായ ഗ്രാഹിക്കയാൽ ത്യജിച്ചവർകളാം ആയവരജിമ്മ നും പണ്ഡകൻ പങ്ഗുപിന്നെ മായമററുള്ളോര ന്ധൻ ബധിരൻമുഗ്ദ്ധന്മാർതാനും * ഇഷ്ടമെങ്കിലുമല്ലെന്നാകിലുംഭ

CHATTAMPI SWAMI ARCHIVES

കളിക്കിലു മൊട്ടലെന്നിയെഹിതംസത്യംചൊൽവോനജിഹ്വൻ*
അന്നുണ്ടായൊരു ബാലതന്നെയും യൌവ്വനത്താൽമിന്നു മംഗങ്ങ
ളുള്ള കാമിനീമണിയെയും * വാൎദ്ധക്യംകൊണ്ടുമുടിവാസിയാം ശ
തവയോവൃദ്ധയാം നാരിയേയും കണ്ടവൻ നിൎവ്വികാരി * പ
ണ്ഡകനവൻ ഭിക്ഷയെടുപ്പാനെന്ന്യെ പിന്നെ വിണ്മൂത്രം കളവാ
നാം മാത്രമെ നടപ്പവൻ * പങ്ഗുവാംനടക്കിലും നില്ക്കിലുമിരി
ക്കിലുമെങ്ങുമെ ദൃഷ്ടിഗമിയാതവനന്ധനല്ലൊ * ഹിതമാകിലും
ശോകപ്രദമാകിലുമന്നു സതതം രമ്യമെന്നാലരമ്യമെന്നാകിലും*
കേൾക്കിലും കേളാതെന്നപോലിരിപ്പോരു വിചാരനോക്കുമ്പോൾ
ബധിരനാം വിഷയമദ്ധ്യത്തിങ്കൽ * വൎത്തിച്ചും വികലനായി
ന്ദ്രിയവിഹീനനായ് മത്തനായുറങ്ങുന്നപോലിരിപ്പവൻമുഗ്ധൻ*
നാരദപരിവ്രാജകമാകുന്നൊരുപനിഷത്സാരവാക്യങ്ങളേവ മാദിത്യ
പ്പൊരിതാനം

(൨൯) രാഗവും ദ്വേഷംക്രോധം കാമവും ലോഭംമോഹം വേ
ഗംമറിച്ചും മദം മാത്സൎയ്യമിൎഷ്യാസൂയാ * ദംഭവും ദൎപ്പമഹം
കാരവു മിച്ഛാഭക്തി സംഭ്രമം നീക്കംത്രയായിങ്ങനെ പതിനാറു *
വൃത്തികൾരാഗാദികളെന്നതിൽ ശ്രദ്ധാഭക്തിമുക്തിഹേതുക്കളി
ക്കാരങ്ങൾക്കു പാത്രമല്ലാ * അന്യമാകയും ബന്ധകാരണമെ
ന്നതൊന്നു നന്നായ്വേദാന്ത സംജ്ഞാഗ്രന്ഥത്തിൽ പറയുന്നു *
(൩൦) ഒൻപതുവിധമത്രെ സംസാരാന്തം ചൊല്ലുമ്പോൾ സമ്പ്രതി
ചൊല്ലേണ്ടതു ജ്ഞാതൃജ്ഞാനവും ജ്ഞേയം * ഭോക്താഭോഗ്യ
വും ഭോഗം കാരണം ക്രിയാപിന്നെ കൎത്താവുമേവമേകം പക്ഷമ
ന്ന്യേ ചൊൽവൻ * ഭൂതങ്ങളഞ്ചും കൂടിയൊന്നാംധീന്ദ്രിയം
രണ്ടാംചേതസാധരിക്കണം കൎമ്മേന്ദ്രിയങ്ങളഞ്ചും * നാലാം
പഞ്ചപ്രാണന്മാരഞ്ചാം ചിത്തവൃത്തി സ്ഥൂലമാറാമതാകും കൎമ്മ
ങ്ങളേഴുമെട്ടാം * ജാഗ്രാദിമൂന്നമിവയെ ചെയ്യുമജ്ഞാനവും
വ്യഗ്രമെന്നിയെ ചൊന്നു കൊള്ളവതു മതഭേദം

CHATTAMPI SWAMI ARCHIVES

ശ്വാസമൂറപ്പിച്ചു നഷ്ടഭ്രാന്തനായഹം ബ്രഹ്മമെന്നുറപ്പോടും *
ഇരിക്കിൽസർവ്വം ലയമാറാകും പുരുഷന്റെ കരസ്ഥപുഷ്പവൃത്താ
ന്തേജോബിന്ദുവാം ശ്രുതൌ
(൩൭) നാരിമാരുടെയോനൌ താൻതന്നെജനിക്കയാൽ പേര
വർണ്ണോദ്യന്തുജായേതി ശ്രുതസ്മൃതിഃ * അഗ്നികുണ്ഡമേതോ
ടൊക്കും നാരിമാരികത്തു ഭഗനാമംപ്രൈതക്കുഴം കണക്കാപുരുഷ
ന്മാർ * കുചമാദിയായ് ഭഗത്തോളവും നരകമാമചിന്ത്യ ദൃഷ്ട
ശ്രുണ കൂടെലിംഗജനിച്ചിട്ട് * തിങ്ങിനമോഹാൽ തത്രലീലം
മൂഢജന മെങ്ങനെകരകാണാ നെന്നവധൂതഗീതാ * പ
ക്ഷികളാകുംനരന്മാരുടെ യംഗങ്ങളെ ഭക്ഷണംബന്ധിക്കുന്ന
വേടന്റെ വലനാരി * നരകാഗ്നിയെ ജ്വലിപ്പിക്കുന്ന വിറ
കത്രെ നാരിമാരെന്ന സർവ്വസമ്മതം ശ്രുതി(ശാസ്ത്ര)ങ്ങളാൽ *
തൊലിയുംചോരമാംസമസ്ഥിയുംവേർതിരിച്ചു ചാലവേനോക്കു
ന്നോരംരമ്യമല്ലെന്നാകിലൊ * എന്തുങ്ങുകാര്യംതവ ചിത്ത
മേയെന്നചൊല്ലി നന്നാംതെട്ടുത്തുന്നിത്തുന്ന തത്യന്തസുഖം *
ഭക്ഷ്യമെന്നോർത്തഗ്നിയിലീയൽവീഴുന്നവണ്ണം കുക്കിരക്ഷിപ്പാൻ
നോക്കി മുളഞ്ഞിലിരിച്ചപോലും * പാതാളത്തെത്തിജ്ജലം
കൊണ്ടരുന്നതുപോലെ മതിമൂഢന്മാർ തപോമന്ത്രാധികരങ്ങ
ളാൽ * കന്മഷനേർമിഴിമാരെ സ്വാധീനംപോലെകണ്ടു
നിന്ദ്യമാം മനസ്സിനെ പ്രേമയാൽദത്തംചെയ്വൂ * മാന
സമവർക്കും തന്നിലായെന്നാകിലൊ യൂനമിങ്ങെടുപ്പാനും ശക്ത
രാശ്രുങ്ങനീലാ * ഈവണ്ണമുഴലാതെ മോക്ഷേച്ഛയോടുകൂടെ
സർവ്വദാഭഗവാനെ ചിന്തിച്ചുച്ചീച്ചീടണം
(൩൮) ഭിക്ഷുക്കളാരുവിധ മുള്ളവർദോഷജ്ജാലം സൂക്ഷ്മ
തെന ഗ്രഹിക്കയാൽ ന ത്യജിച്ചവർകളാം ആയവരജിമ്മ
നം പാഷണ്ഡകർ പങ്ങുപിന്നെ മായമറ്റുള്ളോര
സ്മാൻ ബധിരാന്മുഗ്ധന്മാർതാനും * ഇഷ്ടമെങ്കിലുമല്ലെന്നാകിലുംഭ

ക്ഷീണിക്കിലു മൊട്ടുമെന്നിയെഹിതംസത്യം ചൊൽവോനജിഹ്വൻ*
അന്നുണ്ടായൊരു ബാലതന്നെയും യൌവനത്താൽമിന്നു മംഗങ്ങ
ളുള്ള കാമിനിമണിയെയും * വാർദ്ധക്യക്കൊട്ടുമുടിവാസിയാം ശ
തവയൊ വൃദ്ധയാം നാരിയേയും കണ്ടവൻ നിർവികാരി * പ
ണ്ഡകനവൻ ഭിക്ഷയെടുപ്പാനെന്യെ പിന്നെ വിണ്മൂത്രം കളവാ
നാം മാത്രമെ നടപ്പവൻ * പങ്ഗുവാംനടക്കിലും നില്ക്കിലുമിരി
ക്കിലുമെങ്ങുമെ ദൃഷ്ടിഗമിയാതവനന്ധനല്ലൊ * ഹിതമാകിലും
ശോകപ്രദമാകിലുമെന്നു സതതം രമ്യമെന്നാലരമ്യമെന്നാകിലും*
കേൾക്കിലും കേളാതെന്നപോലിരിപ്പോരു വിദ്വാനോർക്കുമ്പോൾ
ബധിരനാം വിഷയമദ്ധ്യത്തിങ്കൽ * വർത്തിച്ചും വികലനായി
ന്ദ്രിയവിഹീനനായ് മത്തനായുറങ്ങുന്നപോലിരിപ്പവൻമുഗ്ദ്ധൻ*
നാരദപരിവ്രാജമാകന്നൊരുപനിഷത്സാരവാക്യങ്ങളേവ മാദിത്യ
പൂരിതാനും

(൩൯) രാഗവും ദ്വേഷംക്രോധം കാമവും ലോഭംമോഹം വേ
ഗമറ്റും മദം മാത്സര്യമീർഷ്യാസൂയാ * ദംഭവും ദർപ്പമഹം
കാരവുമിച്ഛാഭക്തി സംഭ്രമം നീക്കംശ്രദ്ധയിങ്ങനെ പതിനാറു *
വൃത്തികൾരാഗാദികളെന്നതിൽ ശ്രദ്ധാഭക്തിമുക്തിഹേതുക്കളി
ഛാരങ്ങൾക്കു പാത്രമല്ലാ * അന്യമൊക്കയും ബന്ധകാരണമെ
ന്നതന്നെ നന്നായ്വേദാന്ത സംജ്ഞാഗ്രന്ഥത്തിൽ പറയുന്നു *
(൪൦) ഒൻപതുവിധമത്രെ സംസാരംനിനയ്ക്കുമ്പോൾ സമ്പ്രതി
ചൊല്ലേണ്ടതു ജ്ഞാനാജ്ഞാനവും ജ്ഞേയം * ഭോക്താഭോഗ്യ
വും ഭോഗം കരണം ക്രിയപിന്നെ കർത്താവുമേവമേകം പക്ഷമ
ന്യമും ചൊൽവൻ * ഭൂതങ്ങളഞ്ചും കൂടിയൊന്നാംധീന്ദ്രിയം
രണ്ടാംചേതസ്സാധരിക്കണം കർമ്മേന്ദ്രിയങ്ങളന്യം * നാലാംകു
പഞ്ചപ്രാണന്മാരഞ്ചാം ചിത്തവൃത്തി സ്ഥൂലമാറാമതാകും കർമ്മ
ങ്ങളാമൂന്നമേഴാം * ജാഗ്രാദിമൂന്നമിവയെ ചെയ്യുമജ്ഞാനവും
വ്യഗ്രമെന്നിയെ ഓർത്തു കൊൾവതു മതഭേദം

(൪൭) സന്ന്യാസമാറുവിധമുള്ളവവിശദമായി അറിയുന്നവണ്ണം
ചൊല്ലീടാമൊരുമതം നല്ലൊരുകുടീചകൻ* പിന്നെമേൽബഹൂദ
കൻ വല്ലഭനാകും ഹംസൻപരമഹംസൻതാനും *തുര്യാതീതനാമ
വധൂതനാമിവർകളിൽധരിക്കും കുടീചകൻശിഖയും പൂണൂലും"
ദണ്ഡവും കമണ്ഡലുകൌപീനാദികൾ മററും പുണ്ഡ്രവുമുണ്ടാമേ
കമൂർധ്വമായ്ത്രിദണ്ഡവും * മാത്രാദ്യച്ഛന്നപരനായിരിക്കയും
ചെയ്യുമിതുപോൽ ബഹൂദകൻത്രിപുണ്ഡ്രധാരീതഥാ * അഷ്ടഗ്രാ
സവും ഗോസന്നസങ്കല്പിതമന്നം (ക്ലിപ്തമാമന്നം) ജടയുംകമ
ണ്ഡലും ത്രിപുണ്ഡ്രണ്ടല്ലമുണ്ടാം * പരമഹംസന്നില്ല ശിഖയും
പൂണിനൂലും ധരിക്കുമേകദണ്ഡം ഭസ്മവും മേലെങ്ങുമെ *
ഗോക്കളെപോലെ മുഖംകൊണ്ടുണ്ണും തുര്യാതീതനോക്കിൽ നി
യമങ്ങളില്ലവധൂതനേതും * പരമഹംസാദികൾക്കുണ്ടാകാ കടി
സൂത്രം ചരിക്കും ജാതരൂപവൃത്തരായ് സർവംവിട്ടു * പരമഹംസ
ന്മാർക്കുള്ളൊരു സന്ന്യാസം ദ്വിധാപരിചിൽ വിവിദിഷാ, വിദ്വൽ
സന്ന്യാസമെന്നും * ജാതരൂപനും കമണ്ഡലുധാരിയുമേവം വി
തസന്ദേഹം വിദ്വൽസന്ന്യാസം രണ്ടുവിധം * ജീവന്മുക്ത്യനുഭ
വമുണ്ടാകുന്നതിൽ മുമ്പിൽ തീവ്രവൈരാഗ്യസന്ന്യാസം തന്നെ
വിവിദിഷാ * സ്വാനുഭൂതിയാൽചെയ്യും സന്ന്യാസത്തിനെത്ത
ന്നെമാനിച്ചു പറയുന്നു വിദ്വൽ സന്ന്യാസമെന്നു

(൪൮) പ്രതിപക്ഷമായുള്ള ഭാവനാബലവശാൽ ചെതസ്സിലു
ണ്ടാമവിദ്യാമലമശേഷംപോയ് * കർത്തൃത്വം രജസ്സമോമലങ്ങ
ളതും പിന്നെ ഭോക്തൃഭാവവും വിട്ടുബുദ്ധിയിന്നുമുഖ * ചി
ച്ഛായാപ്രതിബിംബം യാതൊന്നുമതിനുടെ സാക്ഷമാകുന്നാകും
വിവേകഖ്യാതിയെന്നുതന്നെ * ഇതുകൊണ്ടുപേക്ഷ്യമാംദ്ദൃശ്യദോ
ഷങ്ങളെല്ലാം മതിയിൽനിന്നുവേറാം സ്വാനുഭൂതിയുമുണ്ടാം
(൪൯) മുകുരിഭേതുകൊതന്നിൽവെച്ചിഹ നിനയ്ക്കുമ്പോൾ

CHATTAMPI SWAMI ARCHIVES

കേൾതാനത്യുൽകൃഷ്ടസാധനമെന്നുകേൾപ്പൂ * കേൾതൻ സ്വരൂപാനുസന്ധാനമല്ലെന്നാകിൽ വ്യർത്ഥമല്ലാതൊരാത്മസ്വരൂപചിന്തനമാം * ആത്മകൂടസ്ഥൻ നിത്യമുക്തൻ നിർഗ്ഗുണൻ പരൻ കല്മഷഹീനൻ സദാനന്ദൻ നിഷ്കളനജൻ * യാതൊന്നുവാഗാദിയാലപ്രകാശ്യമാമിവയ്ക്കതൊന്നു പ്രകാശകമാമിതുതന്നെബ്രഹ്മം * യാതൊന്നുതന്നെമനം(ബുദ്ധി)കൊണ്ടുസങ്കല്പിപ്പീലായാതൊന്നാൽമനൊവൃത്തിമതമായതുബ്രഹ്മം * ഏതിനെച്ചക്ഷുസ്സുവിഷയികരിപ്പീലായാതൊന്നു കൊണ്ടു കണ്ണുകാണുന്നിതതെബ്രഹ്മം * ശ്രോത്രത്താലേതൊന്നിനെ കേൾക്കുന്നതില്ല പിന്നെ ശ്രോത്രം ജ്യോതിഷായെന്നശ്രുതമിങ്ങനെ ബ്രഹ്മം * ഏതിനെ ഘ്രാണങ്ങളും ഗന്ധംപോൽ ഗ്രഹിച്ചീടായാതൊന്നുതന്നാൽ പ്രാണൻ വിതനായതു ബ്രഹ്മം * എന്നറികെന്നു ചൊല്ലപ്പെട്ടുന്നു കേനശ്രുതൌകനിഷ്ഠമാനന്ദത്തിൽ നിമിത്തംകോന്മാക്ക

(൪൪) ഏവമുള്ളാത്മപ്രീതിക്കായിട്ടു കർമ്മങ്ങളെയാവരും ചെയ്യുന്നെന്നു ബൃഹദാരണ്യശ്രുതി * പതിയിൽ കാമാർത്ഥമായ് പ്രിയനാകുന്നൊപതിസതതമാത്മപ്രീതിക്കാകുന്നൊഭർത്താപ്രിയൻ * പുത്രന്മാരുടെ കാമത്തിന്നവർ പ്രിയന്മാരൊ വിത്തമായതുപോലെ വിത്തത്തിൽ കാമത്തിന്നൊ * അഥവാത്മതൽകാമാർത്ഥം പുത്രന്മാരും വിത്താദികളിതം ചൈവപ്രിയമാകുന്നൊ എന്നീവിധം

(൪൫) മാനസംരണ്ടുവിധം ശുദ്ധവുമശുദ്ധവും കനത്തകാമാദികളറ്റൊരു മനംശുദ്ധം * കാമസങ്കല്പയുക്തം മാനസമശുദ്ധവും നേർമ്മയിൽ മനസ്സിന്നുലയവിക്ഷേപംനീങ്ങി * നിശ്ചലമാവമെപ്പോളുന്മനീഭവിക്കുന്നു നിശ്ചയമപ്പോഴതു പരപദമെല്ലൊ * ഹൃദയക്ഷയം പ്രാപിപ്പോളവും മനസ്സിനെ മുദിതവൃത്യാതന്നെനിരോധം ചെയ്യീടണം * സമാധികൊണ്ടുമലംകഴുകിശ്ശുചിയാക്കി സമമാത്മാവിൽ ചേർത്തമനസ്സിനന്നന്തരം *

CHATTAMPI SWAMI ARCHIVES

ത്ത്വമനീട്ടും സുഖംവർണ്ണിപ്പാനശക്യമാം ചിത്രമായറിയുന്നു തന്നെ ന്നുകരണത്താൽ * ജലത്തിൽ ജലമാകാശത്തിൽ വിണ്ണഗ്നിയിങ്കൽ ജ്വലിക്കുമഗ്നിയത്തും ചേർന്നാൽ കാണാതവണ്ണം * മോചിക്കുന്നിതു പുമാന്മാരേവമെന്നു ചൊല്ലിമോചിച്ചു മൈത്രായണിശ്രുതിയുമിവിടത്തിൽ

(൪൩) ബ്രഹ്മോപാസകന്മാർ തൻപ്രയാണകാലത്തിങ്കൽ ബ്രഹ്മൈകപ്രാപ്തി പ്രദമാമർച്ചിരാദിക്രമാൽ * വഹ്നിലോകവും വായുലോകവും പുക്കപിന്നെ മേൽപ്രജാപതിലോകം പ്രാപിച്ചതത്രനിന്നു * ചൊൽപെറും ബ്രഹ്മലോകമവിടെ സ്വയംക്ലിപ്തഭോഗവും മോക്ഷംരണ്ടു മീശ്വരനോടു തുല്യം * യോഗികൾക്കില്ല സൃഷ്ട്യാദികളിൽ കർത്തൃഭാവം ബ്രഹ്മണാസഹമോക്ഷം പ്രളയകാലത്തെന്നു ബ്രഹ്മസൂത്രത്തിൽ ഭാഷ്യകൃൽഘോഷിതമാം ശ്രുതൌ * ഇഷ്ടാപൂർത്താദികളാലുപാസിക്കുന്നജനം പെട്ടുപോം കാലംധൂമരാത്ര്യാദിമാർഗ്ഗത്തൂടെ അപരപക്ഷംതാതാ ദക്ഷിണായനം മാസമുപരി പിതൃലോകമാകാശം ചന്ദ്രനേവം * അധികാരികളുടെ ലോകം പ്രാപിച്ചുന്നനായ് വിധിവൽസമ്പാദിച്ച ഭോഗങ്ങളൊടുങ്ങുമ്പോൾ * ആകാശം വഴിയായിമേഘത്തെ പ്രാപിച്ചിട്ടു ശാകാദിയവങ്ങളിൽ വർഷിച്ചു സംസാരത്താൽ * എന്നുചൊല്ലുന്നു ഛാന്ദോഗ്യശ്രുതിയിഷ്ടാകർമ്മം നന്നായിചെയ്യുമഗ്നിഹോത്രവും തപംസത്യം * ഇത്യാദിവാപികൂപകരണമന്നദാനം പൂർത്തമാമാർത്തരക്ഷാഭൃതാനാം പാലനവും * ദത്തമെന്നേവം രത്നപ്രഭയിൽ പറയുന്നു * പ്രതിരൂപോപാസകരർച്ചിരാദിയായ് പോയാൽമാത്രം വിദ്യുത്തെ പൂകമില്ലപ്പോ ബ്രഹ്മലോകം * ഭാഷ്യക്കാരുടെ മതമറിഞ്ഞപുണ്യശാലീഭാഷ്യടീകയിലേവം ചൊല്ലിനാൻ വിശദമായ് * അപരബ്രഹ്മം പരബ്രഹ്മമെന്നിവകളിലപരകാര്യബ്രഹ്മോപാസനം സഗുണമാം * ഇതി

നാൽ ബ്രഹ്മലോകഗതിയാം പ്രശ്നശ്രുതാവതുലപരബ്രഹ്മാവാസ നംനിർഗ്ഗുണവും *താപനീയശ്രുതിയിൽ നിർഗ്ഗുണമുപാസിച്ചാൽ വ്യാവിതൻപദംമോക്ഷമെന്നല്ലൊ പറയുന്നു * പ്രതീകോപാസകന്മാർ തങ്ങളെവർജ്ജിച്ചിട്ടു പുതരാ മന്യന്മാരെ സന്തതം ബ്രഹ്മലോകം * പ്രാപിപ്പിക്കുന്നിതെന്നു വേദാന്തസൂത്രകർത്താ ശ്രീപാരാശര്യൻ വിചാരിക്കുന്നിതുമീമാംസയിൽ * ബലവത്തമമിതു സർവ്വശാസ്ത്രത്തെക്കാളും ജലരേഖപോലാക മിതിൻസന്നിധാവന്യം * പാഷാണലോഹരത്നമൃണ്മയരൂപങ്ങളിൽ ശേഷിയാംവണ്ണം പൂജചെയ്തു മോക്ഷേച്ഛുക്കൾക്കന്നുദേഹംപുനർഭവ ഭോഗകാരണമെന്നു തന്നെമൈത്രേയി ശ്രുതിശാസനംചെയ്തീടുന്നു.

(൪൬) മുക്തികൾ സാലോകംമേൽ സാർഷ്ടിസാമീപ്യസാരൂപൈക്യമെന്നിവകളിൽ സായുജ്യംനിത്യമുക്തി * സാർഷ്ടിയെന്നതു ചതുർമ്മുഖനുസമാനമാം പുഷ്ടിയുമൈശ്വര്യവു മുണ്ടാകുന്നതുതന്നെ * സായുജ്യം സയുഗ്ഭാവം സമാനദേഹേന്ദ്രിയസംയോഗംഭാഷ്യമതം ബ്രഹ്മലോകമാമന്യം * വിദേഹകൈവല്യവും പ്രളയകാലത്തെന്നു ചോദിച്ചുചൊല്ലുന്നിതു വിചാരസാഗരത്തിൽ * അഞ്ചുമുക്തികൾചൊൽകിൽ വിദേഹകൈവല്യമാം പഞ്ചമംസായുജ്യമല്ലെന്നാകിൽ ബ്രഹ്മലോകം.

(൪൭) ശുകമാർഗ്ഗവും വാമദേവമാർഗ്ഗവുമേവം ലോകസമ്മതം രണ്ടുവിധമേ മുക്തിമാർഗ്ഗം * സാംഖ്യയോഗത്താൽ മഹാവാക്യോപദേശത്താലു മഖണ്ഡംതൻെറരൂപ മറിഞ്ഞു സ്വരൂപത്തിൽ * മുക്തിയെപ്രാപിപ്പതു ശുകമാർഗ്ഗമാംസദ്യോമുക്തിദമിതു വാമദേവൻറമാർഗ്ഗമെന്നാൽ * അഷ്ടാംഗയോഗാഭ്യാസ മണിമാദികളാലൊ നഷ്ടമായിട്ടൊ വിഘ്നബാഹുല്യാൽ ജന്മങ്ങളിൽ * അനുഷ്ഠിച്ചൊരുകാലം ബ്രഹ്മലോകം പ്രാപിച്ചു

ലീനമാം പ്രളയത്തിൽ ബ്രഹ്മണി സദാനന്ദേ * വിദേഹകൈ
വല്യമാമിതിന്നെ ക്രമത്താലെ സാദരമുണ്ടാക്കുക നിമിത്തം ക്രമമു
ക്തി * എന്നുളുവരാഹോപനിഷത്തിൽ കരുത്തിതു ചൊന്ന
തു മഹാവിഷ്ണു വരാഹരൂപീഹരിഃ.

(൪൯) ഗുരുതോ മഹാവാക്യം തത്വമസീതി കേട്ടിട്ടുരുസന്തോ
ഷമോടേ ബ്രഹ്മൈവാഹമെന്നഥ * നിത്യാനന്ദോഹം സാ
ക്ഷീ നിത്യമുക്തോഹം വശീ നിത്യശുദ്ധോഹം ബ്രഹ്മാനന്ദസത്താമാ
ത്രോഹം * ദേഹാദിഹീനോസ്മ്യഹം ചൈതന്യമഹം വിഭു വ
ഹമേമഹാനാത്മാ പരമൻ പരാൽപരൻ * ചിദ്രൂപനഹം ചി
ദാദിത്യോഹം നിർവ്വികാരീ സർവ്വപൻ പ്രകാശക നദ്വയ പരബ്ര
ഹ്മം * നാമാദിവിഹീനോഹ മഖണ്ഡ പരിപൂർണ്ണൻ വ്യോമ
വദ്വ്യാപി തുര്യാതീതോഹം ശിവാത്മകൻ * സജാതീയാദിര
ഹിതോസ്മ്യഹം സ്വഗതം പോൽ വിജാതീയത്വ ശൂന്യൻ ചിന്മാ
ത്രസ്വരൂപത്താൽ * ഇങ്ങിനെ സദാകാലം നിശ്ചലബുദ്ധ്യാ
ഭേദം മങ്ങാതെയുപേക്ഷിപ്പോർ ബ്രഹ്മൈവ സ്വയം ദേവേൽ *

(൫൦) പ്രളയകാലെ വാക്കുമനസ്സിൽ വൃത്യാമാത്രം വിലയം പ്രാ
പിക്കുന്നു മനസ്സു പ്രാണങ്കലും * തദ്വൽ പ്രാണനും വൃത്യാജീ
വങ്കൽ ലയിച്ചിട്ടു സദ്യോഭൂതങ്ങൾ തന്നിൽ ജീവനുമായ് ലയി
പ്പൂ * ഭൂതങ്ങൾ ക്രമേണൈവ പരങ്കലടങ്ങുന്നു സതതം വൃത്യാന
ന്തുല്യം സ്വരൂപേണ * പരമതത്വജ്ഞന്മാർ തങ്ങടെ വാ
ഗാദികൾ പരമാത്മാവിൽ സ്വരൂപേണൈവ ലയിക്കുന്നു *
ബ്രഹ്മത്തെയുപാസിപ്പോർ രാത്രിയിൽ മരിക്കിലു മുണ്മയിൽ സൂര്യ
നില്ലെന്നാകിലും നാഡീസംസ്ഥ * രശ്മികളെ പ്രാപിക്കയാൽ
പൂർവ്വവൽഗതിയെന്നു കല്മഷമകററുന്ന ശ്രീമൽഭാഷ്യത്തിൻമ
തം * കവികൾമതമിതു പുനരാവൃത്തിപാത്താലിവരാദിയാം
ജ്ഞാനികൾക്കില്ലെന്നതുതന്നെ * ദേശകാലാദ്യപേക്ഷ യി

CHATTAMPI SWAMI ARCHIVES

ല്ലിംഗകായത്തിന നാശംവന്നീടുന്നേര മാകാശെഘടാകാശം *
ഘടമാവതതെവിട്ടന്നേരത്തു ലയിക്കുമ്പോളുടനെ സ്വരൂപത്തെയ
ടയുന്നിതു ദൃഢം ഹരിഃ.

വേദാന്താദികടന്നൊരു
വിദ്വഷാം പാദേല്പബുദ്ധികൾക്കായി
ചെയ്തിതുവച്ചോൻവേദാ-
ന്താശ്രമജമാംവിളക്കനിലനഹം.

വേദാന്തമണിവിളക്ക്
തീൎന്നു.

CHATTAMPI SWAMI ARCHIVES

CHATTAMPI SWAMI ARCHIVES